LIBRARY ARCHIVES Kerala Legislative Assembly

വരുമാനക്കുറവുള്ള പഞ്ചായത്തുകൾക്ക് ധനസഹായം

113 [1589] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിമാസ ചെലവുകൾ വഹിക്കാൻ വരുമാനം ഇല്ലാത്ത എത്ര പഞ്ചായത്തുകളാണ് ഉള്ളതെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഭരണചെലവുകൾ വഹിക്കാൻ വരുമാനമില്ലാത്തതിനാൽ ജീവനക്കാർക്ക് കൃത്യമായി ശമ്പളം കൊടുക്കാൻ കഴിയാത്ത പഞ്ചായത്തുകൾ ഉണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക പരിഗണന നൽകി കൂടുതൽ സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) പഞ്ചായത്തുകളുടെ വരുമാനം വർദ്ധിപ്പിക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കൂടുതൽ ഗ്രാന്റ് അനുവദിക്കുമോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ, ബി, സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

മികച്ച പഞ്ചായത്തുകൾക്ക് സർക്കാർ അവാർഡുകൾ

114 [1590] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മികച്ച പഞ്ചായത്തുകൾക്ക് സർക്കാർ അവാർഡ് നൽകാറുണ്ടോ; എങ്കിൽ ഏതുവർഷം മുതലാണ് ഇത് നടപ്പിലാക്കി തുടങ്ങുന്നത്;

(ബി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നൽകുന്ന അവാർഡുകൾ എത്ര വീതമെന്നും അവയ്ക്ക് നൽകുന്ന അവാർഡ് തുക എത്ര വീതമെന്നും വ്യക്തമാക്കാമോ;

(സി) 2001-02-ൽ മികച്ച പഞ്ചായത്തുകളായി തെരഞ്ഞെടുക്കപ്പെട്ടവയുടെ പട്ടിക നൽകുമോ;

(ഡി) ഈ പട്ടിക പ്രകാരമുള്ള പഞ്ചായത്തുകൾക്ക് അവാർഡു തുക നൽകിയിരുന്നുവോ;

(ഇ) ഏതെങ്കിലും പഞ്ചായത്തുകളുടെ അവാർഡു തുക സർക്കാർ തിരിച്ചു പിടിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ എന്തു കാരണത്താലാണെന്നു പഞ്ചായത്തുകളുടെ പേരു സഹിതം വ്യക്തമാക്കാമോ;

(എഫ്) 2001-02-ൽ പത്തനംതിട്ട ജില്ലയിലെ ഏറ്റവും നല്ല പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ട റാന്നി പഞ്ചായത്തിന്റെ അവാർഡു തുക ഇത്തരത്തിൽ തിരിച്ചു പിടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഈ തുക അടിയന്തിരമായി പഞ്ചായത്തിന് തിരികെ നൽകുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 1995-96 മുതൽ.

(ബി) സംസ്ഥാനതലത്തിൽ ഒരു ഗ്രാമപഞ്ചായത്തിനേയും ജില്ലാ തലത്തിൽ ഒന്നും രണ്ടും സ്ഥാനത്തേക്ക് ഓരോ ഗ്രാമപഞ്ചായത്തിനേയും തെരഞ്ഞെടുക്കുന്നു.

സംസ്ഥാനതലത്തിൽ മികച്ച പഞ്ചായത്തിന് 5 ലക്ഷം രൂപ അവാർഡു തുകയും സ്വരാജ് ട്രോഫിയും നൽകുന്നു. കൂടാതെ പ്രത്യേക പദ്ധതി ധനസഹായമായ 25 ലക്ഷം രൂപയും നൽകുന്നുണ്ട്.

ജില്ലാ തലത്തിൽ ഒന്നാം സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്ന ഗ്രാമ പഞ്ചായത്തിന് ഒരു ലക്ഷം രൂപ വീതം അവാർഡു തുകയും സ്വരാജ് ട്രോഫിയും പ്രത്യേക പദ്ധതി ധനസഹായമായി 10 ലക്ഷം രൂപ വീതവും നൽകുന്നു. രണ്ടാം സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്ന ഗ്രാമപഞ്ചായത്തിന് പ്രത്യേക പദ്ധതി ധനസഹായമായി 5 ലക്ഷം രൂപ വീതം നൽകുന്നു.

(സി) പട്ടിക അനുബന്ധമായി ചേർക്കുന്നു.†

(ഡി ആന്റ് ഇ) അവാർഡു തുക ഉടനെ നൽകുന്നതാണ്. പ്രത്യേക പദ്ധതി ധനസഹായമായി നൽകിയ തുക ചെലവഴിക്കാതെ ഉണ്ടായിരുന്നത് ജനറൽ പി.ഡി. അക്കൗണ്ടുകൾ നിർത്തൽ ചെയ്തതിന്റെ പശ്ചാത്തലത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

(എഫ്) റാന്നി ഗ്രാമപഞ്ചായത്തിന് അവാർഡു തുക നൽകിയിട്ടില്ല. പ്രത്യേക പദ്ധതി ധനസഹായമായി ലഭിച്ച തുക നഷ്ടപ്പെട്ടിട്ടുണ്ട്.

(ജി) പഞ്ചായത്തുകൾക്ക് നഷ്ടമായ പ്രത്യേക പദ്ധതി ധനസഹായം തിരികെ നൽകുവാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചു വരുന്നു.

---

†അനുബന്ധം—V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[5-2-2004-ലെ ചോദ്യം നമ്പർ 114(1590)-ന്റെ ഉത്തരം ദയവായി കാണുക]

2001-02 വർഷത്തെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ്

1. ഗ്രാമ പഞ്ചായത്ത്

സംസ്ഥാന തലം : പനങ്ങാട് ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല.

ജില്ലാ തലം

1.	തിരുവനന്തപുരം	:	ഒന്നാം സ്ഥാനം	: ആനാട് ഗ്രാമപഞ്ചായത്ത്
			രണ്ടാം സ്ഥാനം	: പെരുങ്കടവിള ഗ്രാമപഞ്ചായത്ത്
2.	കൊല്ലം	:	ഒന്നാം സ്ഥാനം	: മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്
			രണ്ടാം സ്ഥാനം	: ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്
3.	ആലപ്പുഴ	:	ഒന്നാം സ്ഥാനം	: ചെറിയനാട് ഗ്രാമപഞ്ചായത്ത്
			രണ്ടാം സ്ഥാനം	: അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്
4.	പത്തനംതിട്ട	:	ഒന്നാം സ്ഥാനം	: റാന്നി ഗ്രാമപഞ്ചായത്ത്
			രണ്ടാം സ്ഥാനം	: വള്ളിക്കോട് ഗ്രാമപഞ്ചായത്ത്
5.	ഇടുക്കി	:	ഒന്നാം സ്ഥാനം	: ചക്കുപള്ളം ഗ്രാമപഞ്ചായത്ത്
			രണ്ടാം സ്ഥാനം	: ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്
6.	കോട്ടയം	:	ഒന്നാം സ്ഥാനം	: കൊഴുവനാൽ ഗ്രാമപഞ്ചായത്ത്
			രണ്ടാം സ്ഥാനം	: തിരുവായിലാ ഗ്രാമപഞ്ചായത്ത്
7.	എറണാകുളം	:	ഒന്നാം സ്ഥാനം	: എടവനക്കാട് ഗ്രാമപഞ്ചായത്ത്
			രണ്ടാം സ്ഥാനം	: വാളകം ഗ്രാമപഞ്ചായത്ത്
8.	തൃശ്ശൂർ	:	ഒന്നാം സ്ഥാനം	: കുഴൂർ ഗ്രാമപഞ്ചായത്ത്
			രണ്ടാം സ്ഥാനം	: അടാട്ട് ഗ്രാമപഞ്ചായത്ത്
9.	പാലക്കാട്	:	ഒന്നാം സ്ഥാനം	: ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്
			രണ്ടാം സ്ഥാനം	: തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്
10.	മലപ്പുറം	:	ഒന്നാം സ്ഥാനം	: എടരിക്കോട് ഗ്രാമപഞ്ചായത്ത്
			രണ്ടാം സ്ഥാനം	: താഴെക്കോട് ഗ്രാമപഞ്ചായത്ത്
11.	കോഴിക്കോട്	:	ഒന്നാം സ്ഥാനം	: ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്
			രണ്ടാം സ്ഥാനം	: മടവൂർ ഗ്രാമപഞ്ചായത്ത്
12.	വയനാട്	:	ഒന്നാം സ്ഥാനം	: കണിയാംപറ്റ ഗ്രാമപഞ്ചായത്ത്
			രണ്ടാം സ്ഥാനം	: അമ്പലവയൽ ഗ്രാമപഞ്ചായത്ത്
13.	കണ്ണൂർ	:	ഒന്നാം സ്ഥാനം	: മാങ്ങോട്ടിടം ഗ്രാമപഞ്ചായത്ത്
			രണ്ടാം സ്ഥാനം	: മുണ്ടേരി ഗ്രാമപഞ്ചായത്ത്
14.	കാസറഗോഡ്	:	ഒന്നാം സ്ഥാനം	: ചെമ്മനാട് ഗ്രാമപഞ്ചായത്ത്
			രണ്ടാം സ്ഥാനം	: മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly